**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 886** **07-12-2022 - ൽ മറുപടിയ്ക്ക്**

**പന്തപ്ര ആദിവാസി കോളനി പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി കോളനി പുനരധിവാസ പദ്ധതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പന്തപ്ര ആദിവാസി കോളനിയിൽ റോഡ് നിർമ്മാണം, കുടിവെള്ള പദ്ധതി, സോളാർ ഫെൻസിംഗ്, വൈദ്യുതീകരണം, ഭവനനിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് പദ്ധതി തിരിച്ച് വിശദമാക്കുമോ; | (ബി) | **പദ്ധതി** — **അനുവദിച്ച തുക**<br>റോഡ് നിർമ്മാണം — 37,50,000/-രൂപ<br>കുടിവെള്ള പദ്ധതി — 48,00,000/-രൂപ<br>സോളാർ ഫെൻസിംഗ് — 8,00,000/-രൂപ<br>വൈദ്യുതീകരണം — 42,68,500/-രൂപ<br>ഭവനനിർമ്മാണം — 1,56,12,518/-രൂപ |
| (സി) | ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ടെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (സി) | കുടിവെള്ള പദ്ധതി, സോളാർ ഫെൻസിംഗ്, വൈദ്യുതീകരണം എന്നീ പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. റോഡ് നിർമ്മാണം, ഭവനനിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുവാൻ നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിന് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പന്തപ്രയിൽ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ ഗോത്രജീവിക സ്വാശ്രയ സംഘങ്ങൾ മുഖേനയാണ്. 57 വീടുകളിൽ 55 വീടുകളുടെ മേൽക്കൂര കോൺക്രീറ്റ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ